പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3142 13.07.2015- ൽ മറുപടിക്ക്

ചാത്തന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ
ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ നടപടി

ചോദ്യം
ശ്രീ. ജി.എസ്.ജയലാൽ

ഉത്തരം
തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാത്തന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണമെന്നും കൂടുതൽ വാഹനം നൽകി നിലവിലുള്ള സർവ്വീസുകൾ കാര്യക്ഷമമാക്കണമെന്നും ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ യെന്നും വെളിപ്പെടുത്തുമോ; | (എ) | നിവേദനം ലഭിച്ചിരുന്നു. |
| (ബി) | അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം പൊതുജനങ്ങൾ ബുദ്ധിമുട്ടുന്നത് പരിഗണിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | വനിതകൾക്ക് പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് വേണ്ടി ഒരു കെട്ടിടം ഇതിനകം പണിതു നൽകിയിട്ടുണ്ട്. ഗാരേജിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാനായി 3 ബേ ഗാരേജും അതിനോടു ചേർന്നുള്ള മുറികളും പണി കഴിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ആറു മാസത്തിനകം പണി പൂർത്തികരിക്കാൻ പ്രതീക്ഷിക്കുന്നു. അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതിന് നിലവിലെ ഡിപ്പോ കെട്ടിടത്തിന്റെ മുകളിൽ ഒരു നിലകൂടി പണിയാവുന്നതാണെങ്കിലും കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ അത് ഉടനെ സാധ്യമാവുന്നതല്ല. ഏതെങ്കിലും വിധത്തിൽ ഫണ്ട് ലഭ്യമാകുന്ന മുറക്ക് ഇത് പ്രാവർത്തികമാക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | നിലവിൽ എത്ര സർവ്വീസുകളാണ് ഇവിടെ നിന്നും ഓപ്പറേറ്റ് ചെയ്യുന്നതെന്നും ഈ ആവശ്യത്തിലേയ്ക്കായി എത്ര വാഹനങ്ങളാണ് ഇപ്പോഴുള്ളതെന്നും അറിയിക്കുമോ; | (സി) | പാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് 59 ഷെഡ്യൂളുകളും, ഒരു ജൻറം നോൺ എ.സി. ലോ ഫ്ലോർ ഷെഡ്യൂളുമാണുള്ളത്. ഇവ ഓപ്പറേറ്റ് ചെയ്യുന്നതിനായി നിലവിൽ ഒരു നോൺ എ.സി. ലോ ഫ്ലോർ ബസ് ഉൾപ്പടെ 59 ബസ്സുകളാണുള്ളത്. |
| (ഡി) | വാഹനങ്ങളുടെ കുറവ് പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; | (ഡി) | പുതിയ ബസുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് കൂടുതൽ ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ